ഹദീസ്

**അബൂറശാദ്, പുറക്കാട്**

# ശഹാദത്തിന്റെ പുണ്യം നേടിത്തരുന്ന ക്വാറന്റൈൻ കാലം

عَنْ عَائِشَة أم الْمُؤْمِنِينَ قَالَتْ: سَأَلْتُ رَسُولَ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ عَن الطَّاعُونِ، فَأَخْبَرَنِي رَسُولُ اللهِ صلَّى اللهُ عَلَيْهِ وَسلَّمَ: أَنَّهُ كَانَ عَذابًا يَبعَثُهُ اللهُ عَلَى مَن يَشاءُ، فَجَعَلَهُ رَحمَةً لِلْمُؤمِنينَ، فَلَيسَ مِن رَجُلٍ يَقَعُ الطاعُونُ فَيمكُثُ فِي بَيتِهِ صَابِرًا مُحتَسِبًا يَعلَمُ أَنَّهُ لَا يُصيبُهُ إلَّا مَا كَتَبَ اللهُ لَهُ إلَّا كَانَ لَهُ مِثلُ أجرِ الشَّهيدِ (البخاري).

**വിശ്വാസികളുടെ മാതാവ് ആഇശ(റ)യിൽനിന്ന്. ഞാൻ നബി(സ)യോട് മഹാമാരിയെ കുറിച്ച് ചോദിച്ചു. അപ്പോൾ നബി (സ) എന്നോട് പറഞ്ഞു: 'അല്ലാഹു താനുദ്ദേശിക്കുന്നവർക്ക് ഇറക്കുന്ന ഒരു തരം ശിക്ഷയാണത്. സത്യവിശ്വാസികൾക്ക് അവൻ അതൊരു അനുഗ്രഹമാക്കിയിരിക്കുന്നു. മഹാമാരി പിടിപെട്ട ഒരാൾ ക്ഷമയോടും അല്ലാഹു വിധിച്ചതല്ലാത്തതൊന്നും തന്നെ ബാധിക്കുകയില്ല എന്ന് കരുതിക്കൊണ്ടും തന്റെ വീട്ടിൽ ഒതുങ്ങിക്കഴിയുകയാണെങ്കിൽ, അയാൾക്ക് രക്തസാക്ഷിയുടെ പ്രതിഫലം അല്ലാഹു രേഖപ്പെടുത്തും' (ബുഖാരി).**

ഇമാം ബുഖാരി (റ) 'മുത്തസിൽ' (റിപ്പോർട്ട് ചെയ്ത ആൾ മുതൽ കണ്ണി മുറിയാതെ നബി (സ) വരെ എത്തുന്നത്) ആയി ഉദ്ധരിച്ച ഹദീസാണിത്. ഒട്ടേറെ പാഠങ്ങളുണ്ട് ഈ ഹദീസിൽ:

1. പകർച്ചവ്യാധികൾ അല്ലാഹു താനുദ്ദേശിക്കുന്നവർക്ക് ഇറക്കുന്ന ഒരു ശിക്ഷയാണ്. പകർച്ചവ്യാധികൾക്കെല്ലാം പ്രതിവിധി കണ്ടെത്തി എന്ന് അഹങ്കരിച്ച മനുഷ്യൻ ഇനി ലോകത്തിന് ഒരു സ്രഷ്ടാവിന്റെ ആവശ്യമില്ല, എല്ലാം ശാസ്ത്രം നോക്കിക്കൊള്ളും എന്നൊരു നിലപാടിലേക്കെത്തിയിരുന്നു. അപ്പോഴാണ് നിസ്സാരമായ ഒരു വൈറസിനെ കൊണ്ട് അല്ലാഹു മനുഷ്യന്റെ അഹന്തയെ പരീക്ഷിക്കാൻ തീരുമാനിച്ചത്. അമേരിക്കയും ഇറ്റലിയും ചൈനയും സ്പെയിനും അടക്കം ലോകത്തിലെ വൻശക്തികളെല്ലാം ഭയന്ന് വിറങ്ങലിച്ചു നിൽക്കുകയാണ്. എന്തു ചെയ്യും, എങ്ങോട്ടു പോകും എന്നറിയാതെ. കോവിഡ്-19 പ്രത്യക്ഷപ്പെട്ട അന്നു മുതൽ അമേരിക്കയടക്കം ലോകത്തിലെ പല ഗവേഷണ സ്ഥാപനങ്ങളും പ്രതിരോധ മരുന്നിനെ കുറിച്ച് പരീക്ഷണങ്ങൾ നടത്തി വരികയാണ്.

2. പകർച്ചവ്യാധികൾ പടരുമ്പോൾ അത് മറ്റുള്ളവരിലേക്ക് പകരാതിരിക്കാൻ വീട്ടിലിരിക്കുക എന്നതാണ് ഏറ്റവും നല്ല പ്രതിരോധ വഴി. മരുന്നില്ലാത്ത ഈ രോഗത്തിനുള്ള ഒരേ ഒരു മരുന്ന് 'സോഷ്യൽ ഐസോലേഷൻ' മാത്രമാണെന്ന് ഇന്ന് എല്ലാവരും അംഗീകരിക്കുന്നുണ്ടല്ലോ. വീട്ടിലിരുന്ന് രോഗത്തെ പ്രതിരോധിക്കുന്നതിനിടയിൽ മരണപ്പെട്ടാൽ പോലും അതിന് രക്തസാക്ഷ്യത്തിന്റെ പുണ്യമുണ്ടെന്ന് ആശ്വസിപ്പിച്ച് സത്യവിശ്വാസിയെ ആ സൽക്കർമത്തിനു പ്രേരിപ്പിക്കുകയാണിവിടെ. ഉസാമത്തു ബ്നു സൈദ് (റ) നിവേദനം ചെയ്ത മറ്റൊരു ഹദീസ് ഇങ്ങനെ: 'അല്ലാഹു അവന്റെ അടിമകളിൽ ഒരു വിഭാഗത്തെ പരീക്ഷിക്കാൻ വേണ്ടി അയക്കുന്ന ഒരു തരം ശിക്ഷയാണ് പകർച്ചവ്യാധി. ഒരു പ്രദേശത്ത് പകർച്ചവ്യാധി പടർന്നിട്ടുണ്ടെന്നു കേട്ടാൽ അവിടേക്ക് നിങ്ങൾ പോകരുത്. ഇനി നിങ്ങൾ ഉള്ളിടത്താണ് പകർച്ചവ്യാധിയെങ്കിൽ അവിടെ നിന്നും നിങ്ങൾ ഓടിപ്പോകരുത്' (ബുഖാരി, മുസ്‌ലിം).

3. അവനവനാത്മ സുഖത്തിനായാചരിക്കുന്നവ അപരന്നുപകാരമായ് വരേണം' എന്ന കവിവാക്യത്തെ അന്വർഥമാക്കുന്നതു കൂടിയാണീ വചനം. ഇസ്‌ലാമിൽ എല്ലാ കർമങ്ങളും ഇങ്ങനെയാണ്. കേവലം ഒരു നിയ്യത്ത് കൊണ്ട് ഏത് സൽക്കർമവും ഇബാദത്താക്കാം; പ്രതിഫലദായകമായ പുണ്യകർമമാക്കാം. ഇവിടെ പകർച്ചവ്യാധിയുടെ സംക്രമണം തടയാൻ, അത് മറ്റുള്ളവർക്ക് പകരാതിരിക്കാൻ, അല്ലാഹു വിധിച്ചതല്ലാതെ തന്നെ പിടികൂടുകയില്ലെന്ന തവക്കുലിന്റെ മനസ്സും ക്ഷമിക്കാനുള്ള വിശാലമനസ്കതയുമായി സ്വന്തം വീട്ടിൽ അടങ്ങിയൊതുങ്ങി കഴിഞ്ഞു കൂടിയാൽ (Self Quarantine) വലിയ പ്രതിഫലമാണ് അല്ലാഹു വാഗ്ദത്തം ചെയ്തിരിക്കുന്നത്.

4. ഈയൊരു വിശ്വാസമില്ലാത്ത ഒരാൾ വീട്ടിൽ അടങ്ങിയിരിക്കുക ഒരു പക്ഷേ നിയമത്തിന്റെ ഉരുക്കു മുഷ്ടിയെ ഭയന്നാവാം; അല്ലെങ്കിൽ സമൂഹത്തെ മാനിച്ചുകൊണ്ട്. രണ്ടായാലും ഒറ്റപ്പെടലിന്റെ ആധി അയാൾക്ക് ഉണ്ടായെന്നു വരും. പക്ഷേ സത്യവിശ്വാസി അസുഖം ഭേദമാകുന്നതു വരെ, അല്ലെങ്കിൽ അസുഖമില്ലെന്നു ഉറപ്പു വരുന്നതു വരെ സ്വന്തം വീട്ടിൽ കഴിഞ്ഞുകൂടുന്നത് ദൈവ പ്രീതിക്കു വേണ്ടിയാണ്; രക്തസാക്ഷിയുടെ പ്രതിഫലം മോഹിച്ചു കൊണ്ടാണ്.

5. ഇബ്നു ഹജർ അസ്ഖലാനിയെ പോലുള്ള ഹദീസ് വ്യാഖ്യാതാക്കൾ പറയുന്നു: അത്തരം പകർച്ചവ്യാധികൾ പിടിപെടുകയും അങ്ങനെ കുറച്ചു കാലം അതിന്റെ വ്യഥകൾ അനുഭവിക്കുകയും ചെയ്തവർക്കല്ല ഈ പ്രതിഫലം; മറിച്ച്, രോഗം വരാതെ (രോഗം വരാം എന്ന ശങ്കയിൽ 'ക്വാറന്റൈൻ') കാലം കഴിച്ചവർക്കാണ്. അക്കാലയളവിൽ മറ്റേതെങ്കിലും രോഗം വന്നു മരിച്ചാലും അയാൾക്ക് രക്തസാക്ഷിയുടെ പ്രതിഫലം ലഭിക്കും.

സത്യവിശ്വാസികൾക്ക് ഇത് സുവർണാവസരമാണ്. 'അല്ലാഹു അതിനെ അനുഗ്രഹമാക്കിയിരിക്കുന്നു' എന്നാണ് ഹദീസിൽ പറയുന്നത്. വീട്ടിലിരുന്ന് നമുക്ക് നമ്മെ കുറിച്ച് ഒരു പുനരാലോചന നടത്താം. നമ്മുടെ ജീവിതം ആത്മീയ വിശുദ്ധിയുടെ ഇടങ്ങളാക്കാം. ഖുർആൻ പാരായണം, പഠനം, പരന്ന വായന, ദിക്റുകൾ, പ്രാർഥന, ഇസ്തിഗ്ഫാർ, സുന്നത്ത് നമസ്കാരങ്ങൾ, തഹജ്ജുദ്, ദുഹാ... അങ്ങനെ നമ്മുടെ ജീവിതം പുതിയ വഴികൾ തേടട്ടെ. കൊറോണാ കാലം കഴിഞ്ഞ് നാം ഫീൽഡിൽ ഇറങ്ങുന്നത് കൊറോണാ കാലത്ത് നേടിയെടുത്ത പുതിയ ഊർജത്തിന്റെ ബലത്തിലാവണം. ആത്മീയതയാണ് ദൈവികമാർഗത്തിലുള്ള നമ്മുടെ പ്രവർത്തനങ്ങളുടെ ഊർജസ്രോതസ്സ്..